<u>**ഭരണഭാഷ–മാതൃഭാഷ**</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയംഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം.

**സി.ജി& എ.സി/2686/2019/HSE** തീയതി :26/09/2019

## <u>സർക്കുലർ</u>

വിഷയം: -HSE – CG & AC- കോട്ടയം ജില്ലാ - 'ഡ്രീം കരിയർ' - കോമേഴ്സ് & മാനേജ്മെന്റ് മേഖലകളിലെ ഉപരിപഠന സാധ്യതകളെപ്പറ്റി കരിയർ ഗൈഡൻസ് സെമിനാർ നടത്തുന്നത്- സംബന്ധിച്ച്

ആധുനികയുഗത്തിൽ താങ്ങളുടെ അഭിരുചിയ്ക്കനുസരിച്ച് കോമേഴ്സ് & മാനേജ്മെന്റ് മേഖലകളിൽ ഉപരിപഠനാർത്ഥം തെരഞ്ഞെടുക്കുവാൻ സാധിക്കുന്ന വിവിധ കോഴ്സുകളെക്കുറിച്ച് ഹയർസെക്കന്ററി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ, കോട്ടയം ജില്ലയിലെ കരിയർ ഗൈഡൻസ് സെൽ, കിടങ്ങൂർ സെന്റ് മേരിസ് എച്ച.എസ്.എസിൽ വെച്ച്, 'ഡ്രീം കരിയർ' എന്ന പേരിൽ ഒരു ഏകദിന കരിയർ ഗൈഡൻസ് പ്രേഗ്രം നടത്തുന്നു. കോട്ടയം ജില്ലിലെ നൂറോളം ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും 3 പ്ലസ് ടു വിദ്യാർത്ഥികൾ വീതം മുന്നൂറോളം കുട്ടികൾക്കായി ഉപരിപഠനത്തിനാവശ്യമായ വിവിധ കോഴ്സുകളുടെയും തൊഴിൽ സാധ്യതകളുടെയും അവതരണമാണ് ഇതിൽ ഉദ്ദേശിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ മുഴുവൻ ഹയർസെക്കന്ററി സ്കുളുകളിൽ നിന്നും കോമേഴ്സ് മേഖലയിൽ ഉപരിപഠനത്തിന് താൽപര്യമുള്ള 3 കുട്ടികളെ വീതം അതാത് വിദ്യാലയങ്ങളിലെ കരിയർ ഗൈഡുമാർ തിരഞ്ഞെടുത്തു സെപ്തംബർ 28-ാം തീയതി 9.00 AM ന് St. Mary's HSS Kidangoor എത്തിചേരാൻ നിർദ്ദേശം നൽകേണ്ടതാണ് .

വിദ്യാർത്ഥികളെ യഥാക്രമം എത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രിൻസിപ്പാൾമാർ നൽകേണ്ടതുമാണ്.

*ഒപ്പ്/-*
**ജോയിന്റ് ഡയറക്ടർ**
(അക്കാദമിക് വിഭാഗം)

TO

The RDD kottayam
The Principal Kottayam